DESPATCHED
On.10/3/23.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 731*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12996** /*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**Sri.Sekhara A.,**
**S/o Thirkan(L),**
**Adruguli House,**
**Post Edneer, 671541,**
**Kasargod District.** } പരാതി ഹർജിക്കാരൻ

**Vs**

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
പ്രധമാദ്ധ്യാപകൻ,
ജി.എച്ച്.എസ്.എസ്. ചായ്യോത്ത് പി.ഒ.,
കാസറഗോഡ് – 671 314. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.06.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.06.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.07.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.08.2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ശേഖര എ., 29.07.2019ന് സമർപ്പിച്ച പരാതി ഹർജി 02.08.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.731(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 12.06.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ടി സ്കൂളിൽ 8-ാം ക്ലാസ്സിന് എത്ര ഡിവിഷനുകൾ ഉണ്ടെന്നും

2) ടി സ്കൂളിൽ 9-ാം ക്ലാസ്സിന് എത്ര ഡിവിഷനുകൾ ഉണ്ടെന്നും

3) പ്രസ്തുത സ്കൂളിൽ 10-ാം ക്ലാസ്സിന് എത്ര ഡിവിഷനുകൾ ഉണ്ടെന്നും

4) ഇപ്പോൾ ടി സ്കൂളിൽ എത്ര എച്ച്.എസ്.എ. ഇംഗ്ലീഷ് അധ്യാപകർ ജോലിചെയ്യുന്നുവെന്നും തുടങ്ങി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 17.06.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) 8 ഡിവിഷനുകളാണെന്നും
2) &(3) 7 ഡിവിഷൻ
4) 5 അധ്യാപകർ
5) (6), (7), (8), (9)& (10) എന്നിവയ്ക്ക് ഇല്ല എന്നുമാണ്.

4. എതിർകക്ഷി 25.11.2019ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 02.08.2019ന് ഹർജിക്കാരൻ സമർപ്പിച്ച പരാതിയിന്മേൽ 12.06.2019ന് ടി കാര്യാലയത്തിൽ മേൽ വിഷയത്തിന്മേൽ വിവരാവകാശ നിയമപ്രകാരം കത്ത് നൽകിയിരുന്നുവെന്നും ടി കത്ത് 14.06.2019ന് തപാൽ മാർഗ്ഗം ടി കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതും ആയതിന് 17.06.2019ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നാണ്. കൂടാതെ, 18.06.2019ന് തപാൽ മുഖാന്തിരം ആറാം പ്രവർത്തി ദിവസത്തെ കുട്ടികളുടെ അംഗബലപ്രകാരം 8-ാം ക്ലാസ്സിൽ ഒരു ഡിവിഷൻ ടി അധ്യയന വർഷം വർദ്ധിച്ചിട്ടുണ്ടെന്നും എച്ച്.എസ്.എ. ഗണിത അധ്യാപക ലിസ്റ്റിൽ നിന്നും പുതുതായി ജോലിയിൽ പ്രവേശിച്ച മൂന്ന് അധ്യാപികമാർ ടി വിദ്യാലയത്തിലേയ്ക്ക് സ്ഥലം മാറി വന്നിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ഇതോടൊപ്പം കമ്മീഷൻ മുമ്പാകെ അയയ്ക്കുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. 21.02.2023 തീയതി കമ്മീഷൻ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി നടത്തിയ ഹീയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി

കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന് മറുപടി ലഭ്യമാക്കിയില്ലെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന പരാതി. മൊഴിയും അനുബന്ധരേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ, ഹർജിക്കാരന് ലഭ്യമായ വിവരങ്ങൾ നൽകിയതായി കമ്മീഷനു ബോധ്യമാകുന്നതിനാൽ ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**
Ge/